LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ സമയബന്ധിതമായി DPC കൂടാത്തതിന്റെ പേരിൽ കോടതി യലക്ഷ്യ ഹർജി ഫയൽ ചെയ്ത സാഹചര്യത്തിലും സർവ്വേ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിലും സീനിയർ ഉദ്യോഗസ്ഥർ നിലവിൽ ജൂനിയർമാരായി തുടരുന്ന സാഹചര്യം കണക്കിലെടുത്തും ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശിത ഒഴിവുകൾ അർഹതപ്പെട്ട ജീവനക്കാർക്ക് താത്കാലിക സ്ഥാനം നൽകി നികത്തുന്നതിനുമായി അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. മേൽ തസ്തികകൾ ഡികേഡർ ചെയ്ത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) സർവ്വേയും ഭൂരേഖയും വകുപ്പിൽ 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സർവ്വേയർ തസ്തികയുടെ സൂപ്പർ വൈസറി കേഡറിൽ ഉൾപ്പെടെ 65 പേർ വിരമിക്കാനിരിക്കെ 59 ഒഴിവുകൾ മാത്രം ആന്റിസിപേറ്ററിയായി കെ.പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ള 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ തസ്തികയിൽ വിരമിക്കൽമൂലം 59 ഒഴിവുകളാണുണ്ടായിട്ടുള്ളത്. സർവ്വേ തസ്തികയിൽ 2021 മാർച്ച് 1 മുതൽ ഡിസംബർ 31 വരെ വിരമിക്കൽമൂലമുണ്ടാകുന്ന 34 പ്രതീക്ഷിത ഒഴിവുകൾ 27-10-2020 തീയതിയിലും സൂപ്പർവൈസറി കേഡറിൽ വിരമിക്കൽമൂലമുണ്ടാകുന്ന 25 പ്രതീക്ഷിത ഒഴിവുകൾ 24-2-2021-ലും (ആകെ -59 ഒഴിവുകൾ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേ പ്രവർത്തനങ്ങൾ

337(947) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ നിരവധി അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്കിൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉദ്യോഗപ്പേര് വ്യക്തമാക്കുമോ; ഏത് അധികാരിയാണ് ഇവരെ നിയോഗിക്കുന്നതെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം. സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരു ഹെഡ് സർവ്വേയർ, ആറ് സർവ്വേയർമാരുൾപ്പെടെ ആകെ 7 ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്. പ്രസ്തുത ജീവനക്കാരെ കാസർഗോഡ് സർവ്വേ ഡെപ്യൂട്ടി ഡയറക്ടറാണ് നിയോഗിക്കുന്നത്.

(സി) പ്രസ്തുത താലൂക്കിൽ ഏത് കാരണത്താലാണ് ജനങ്ങൾക്ക് യഥാസമയം മേൽവിഷയത്തിൽ സേവനങ്ങൾ ലഭ്യമാകാത്തതെന്ന് വിശദമാക്കുമോ?

26-8-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 303/2017/റവന്യൂ പ്രകാരം റീസർവ്വേ പരാതിയുൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായി വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസിൽദാരുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും റിക്കാർഡുകളുടെ നാളതീകരണവും അതത് താലൂക്ക് മുഖാന്തരം നിർവ്വഹിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഭാഗത്തിൽനിന്നും ഏതൊക്കെ സേവനങ്ങളാണ് പൊതു ജനങ്ങൾക്ക് നൽകുന്നത് അഥവാ ആവശ്യമായിവരുന്നതെന്ന് വ്യക്തമാക്കുമോ; അപേക്ഷ ലഭിച്ചാൽ എത്ര ദിവസംകൊണ്ട് ആളുകൾക്ക് സേവനം ലഭ്യമാക്കേണ്ടതായിട്ടുണ്ടെന്ന് വിശദമാക്കുമോ?

പേരുമാറ്റം, സർവ്വേ സബ് ഡിവിഷൻ അപേക്ഷകൾ, വിസ്തീർണ്ണം, അതിർത്തി വ്യത്യാസ അപേക്ഷകൾ എന്നിവ കൈകാര്യം ചെയ്യുവരുന്നു. എല്ലാ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കുകയും കൈവശാതിർത്തി വ്യക്തവും തർക്കരഹിതവുമായാൽ ഒരു മാസത്തിനകം പരാതി തീർപ്പാക്കാവുന്നതാണ്.

(ഇ) 14-7-2021 തീയതി വരെ എത്ര അപേക്ഷകളാണ് ഇവിടെ പെൻഡിംഗായുള്ളതെന്ന് വിശദമാക്കുമോ?

14-7-2021 വരെ മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം. സർവ്വേയുമായി ബന്ധപ്പെട്ട 833 അപേക്ഷകളാണ് നിലവിലുള്ളത്.

(എഫ്) പെൻഡിംഗ് ഫയലുകളിൽ തീരുമാനമെടുത്ത് ജനങ്ങൾക്ക് എപ്പോൾ സേവനം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; 2021 സെപ്റ്റംബർ 30-നകം മുഴുവൻ ഫയലുകളിലും തീർപ്പുകൽപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫയൽ അദാലത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഈ വിഭാഗത്തിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ ആയത് നികത്തുവാൻ നടപടി സ്വീകരിക്കുമോ?

കുടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ നിലവിൽ ഒഴിവുകളില്ല.

LIBRARY ARCHIVES Kerala Legislative Assembly